# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 2**

---

## അഫിലിയേറ്റഡ് കോളജുകളിൽ അംഗീകൃതമല്ലാത്ത ഫീസ് ഈടാക്കിയാൽ പരാതി നൽകാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതിൽനിന്നും വ്യത്യസ്തമായി വിദ്യാർഥികളിൽനിന്നും ഫീസ് ഇടാക്കുന്നത് ശ്രദ്ധയിൽപെട്ടാൽ സർവകലാശാലയിൽ പരാതി നൽകാമെന്ന് രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ അറിയിച്ചു. വിദ്യാർഥികളോ രക്ഷിതാക്കളോ മറ്റു വ്യക്തികളോ പരാതി നൽകിയാൽ സർവകലാശാല പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.

ആഡ് ഓൺ കോഴ്സുകളിലും സിലബസിനു പുറത്തുള്ള മറ്റു പ്രോഗ്രാമുകളിലും ചേരുന്നത് വിദ്യാർഥികളുടെ മാത്രം സ്വതന്ത്ര തീരുമാനപ്രകാരമായിരിക്കും. ഇത്തരം കോഴ്സുകൾ സർവകലാശാലയുടെ പാഠ്യപദ്ധതിയുടെ ഭാഗമോ സർവകലാശാല നിഷ്കർഷിക്കുന്നവയോ അല്ല. ഇവയ്ക്ക് സർവകലാശാലയുടെ അഫിലിയേഷൻ ഇല്ലെന്നും രജിസ്ട്രാർ വ്യക്തമാക്കി.
(പി.ആർ.ഒ/39/692/2024)

## ഓണേഴ്സ് ബിരുദം; ജീവനക്കാർക്ക് പരിശീലനം

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് കോളജുകളിലെ അധ്യാപകേതര ജീവനക്കാർക്കായി മഹാത്മാ ഗാന്ധി സർവകലാശാല സംഘടിപ്പിക്കുന്ന സൗജന്യ പരിശീലന പരിപാടി ഓഗസ്റ്റ് ഒൻപതിന് സർവകലാശാലയിലെ അസംബ്ലി ഹാളിൽ നടക്കും.

സർക്കാർ, എയ്ഡഡ് കോളജുകളിൽനിന്ന് രണ്ടു ജീവനക്കാർക്ക് വീതവും ട്രെയിനിംഗ് കോളജുകളിൽനിന്നും അൺ എയ്ഡഡ് കോളജുകളിൽനിന്നും ഓരോ ജീവനക്കാർക്ക് വീതവും പങ്കെടുക്കാം. ഓഗസ്റ്റ് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/693/2024)

## വാക്ക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ എംഎസ്ഡബ്ല്യു റെഗുലർ കോഴ്സിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ(ഡിസെബിസിറ്റി-1) നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ഓഗസ്റ്റ് ഏഴിന് നടക്കും. യുജിസിയും എം.ജി സർവകലാശാല

നിഷ്കർഷിക്കുന്ന അധ്യാപന യോഗ്യതയും ഉള്ളവരെയാണ് പരിഗണിക്കുന്നത്. പി.എച്ച്.ഡി അഭികാമ്യം. യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ അഭിമുഖത്തിന് ഹാജരാക്കണം. അംഗപരിമിതരുടെ അഭാവത്തിൽ മറ്റു വിഭാഗങ്ങളിലുള്ളവരെയും പരിഗണിക്കും.
(പി.ആർ.ഒ/39/694/2024)

## പി.എസ്.സി പരീക്ഷാ പരിശീലനം

എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിൽ തൃപ്പൂണിത്തുറയിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ഫോർ എസ്.സി/എസ്.ടിയുടെ സഹകരണത്തോടെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോ നടത്തുന്ന ഒരു മാസത്തെ സൗജന്യ പി.എസ്.സി പരീക്ഷാ പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

എറണാകുളം, കോട്ടയം, ഇടുക്കി, തൃശൂർ, ആലപ്പുഴ ജില്ലകളിലെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപെട്ട ബിരുദധാരികൾക്ക് അപേക്ഷിക്കാം. പരിശീലന കാലയളവിൽ സ്റ്റൈപ്പന്റും പഠനോപകരണങ്ങളും നൽകും.

താത്പര്യമുള്ളവർ ഓഗസ്റ്റ് ആറിനു മുൻപ് ബയോ ഡേറ്റ വാട്സപ്പ് നമ്പർ സഹിതം cgcekm.emp.ibr@kerala.gov.in/ugbktm.emp.ibr @kerala.gov.in എന്നിവയിൽ ഏതെങ്കിലും ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. ഫോൺ–0484 2312944, 2731025, 9495628626.
(പി.ആർ.ഒ/39/695/2024)

## സ്പോട്ട് അഡ്മിഷൻ

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിസിൽ എംഎസ്സി സൈക്കോളജി പ്രോഗ്രാമിൽ പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത രണ്ടു സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് അഞ്ചിന് നടക്കും. അൻപതു ശതമാനം മാർക്കോടെ ബിഎസ്സി സൈക്കോളജി വിജയിച്ചവരെയാണ് പരിഗണിക്കുന്നത്. താത്പര്യമുള്ള പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾ രാവിലെ 11ന് സർവകലാശാലാ കാമ്പസിലെ വകുപ്പ് ഓഫീസിൽ എത്തണം.

..........................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിൽ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ്, എംഎസ്സി മാത്തമാറ്റിക്സ്, പ്രോഗ്രാമുകളിൽ ജനറൽ മെറിറ്റ്, ഈഴവ, മുസ്ലിം, ഇഡബ്ല്യുഎസ്, ഒഇസി വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി ഓഗസ്റ്റ് അഞ്ചിന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ–8304870247.
(പി.ആർ.ഒ/39/696/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ഐ എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (എംഎ, ജെഎംസി 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് –അഫിലിയേറ്റഡ് കോളജുകളിലെ വിദ്യാർഥികൾക്ക് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 22 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

രണ്ടാം സെമസ്റ്റർ ബിഎസ്സി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് (സിബിസിഎസ്എസ് പുതിയ സ്ക്രീം 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്

മെയ് 2024) പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് എഴ് മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.......................

രണ്ടാം സെമസ്റ്റർ എംഎസ്സി ഇലക്ട്രോണിക്സ് (സിഎസ്എസ് 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി എപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഒൻപതിന് വിവിധ കേന്ദ്രങ്ങളിൽ നടക്കും ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

................

രണ്ടാം സെമസ്റ്റർ എംഎസ്സി ബയോ മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ(2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് ഏഴിനു തുടങ്ങും. ടൈം ടേബിൾ വെബ് സൈറ്റിൽ.

................

രണ്ടാം സെമസ്റ്റർ ബിവോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ(പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിറയൻസ് ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് അഞ്ചിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/697/2024)

## കൗൺസിലർമാരുടെ വിവരം നൽകണം

മഹത്മാ ഗാന്ധി സർവകലാശാലാ യൂണിയൻ കൗൺസിലർമാരുടെ നിർദ്ദിഷ്ഠ പ്രൊഫോമകൾ സർവകലാശാലയിൽ സമർപ്പിക്കാത്ത കോളജുകൾ ഉടൻ സർവകലാശാലാ ഇലക്ഷൻ വിഭാഗത്തിൽ സമർപ്പിക്കണം.

(പി.ആർ.ഒ/39/698/2024)

## പരീക്ഷാ ഫലം

എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിബിഎ, എൽഎൽബി(ഓണേഴ്സ് 2019 അഡ്മിഷൻ റഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഡബിൾ ഡിഗ്രി ബിബിഎ, എൽഎൽബി(ഓണേഴ്സ് 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ സമർപ്പിക്കാം.

...............

നാലാം സെമസ്റ്റർ എംഎസ്സി മോളിക്കുലാർ ബയോളജി ആന്റ് ജെനറ്റിക് എൻജിനീയറിംഗ്(പിജിസിഎസ്എസ്-2022 അഡ്മിഷൻ റഗുലർ ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ അപപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.................

എട്ടാം സെമസ്റ്റർ ബിഎ എൽഎൽബി പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡിഗ്രി (2015 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2012, 2013 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് മാർച്ച് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപക്ഷേ നൽകാം. വിശദ വിവരങ്ങൾ സർവകലാശാലാ വവെബ്സൈറ്റിൽ.

(പി.ആർ.ഒ/39/699/2024)

## പരീക്ഷ മാറ്റി

രണ്ടാം സെമസ്റ്റർ എംഎ ഇക്കണോമെട്രിക്സ്(സിഎസ്എസ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിറയൻസ് എപ്രിൽ 2024) പരീക്ഷയുടെ ഓഗസ്റ്റ് അഞ്ചിന് തുടങ്ങാനിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഏഴിന് തുടങ്ങുന്ന രീതിയിൽ പുനഃക്രമീകരിച്ചു. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/700/2024)

## പ്രോജക്ട് ഇവാലുവേഷൻ

ആറാം സെമസ്റ്റർ ബിഎ ഹിസ്റ്ററി മോഡൽ ഒന്നും രണ്ടും സിബിസിഎസ്എസ്(2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് 2024 ജനുവരി) പരീക്ഷയുടെ പ്രോജക്ട് ഇവാലുവേഷൻ ഓഗസ്റ്റ് ഏഴിന് നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/701/2024)

## പരീക്ഷാ തീയതി

ജലൈ 31ന് നടത്താനിരുന്ന പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ, ബിബിഎ, ബികോം എൽഎൽബി-ഓണേഴ്സ് (2019 അഡ്മിഷൻ റഗുലർ, 2019നു മുൻപുള്ള അഡ്മിഷനുകൾ സപ്ലിമെന്ററി പരീക്ഷകളുടെ വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് ആറ്, ഏഴ് തീയതികളിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/702/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**